# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T 1577 15.02.2016 ൽ മറുപടിയ്ക്ക്

## കാർഷിക വിളകളുടെ വിലത്തകർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി.യു.കുരുവിള : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) റബ്ബർ ഉൾപ്പെടെയുള്ള കാർഷിക വിളകളുടെ വിലത്തകർച്ച മൂലം കഷ്ടത അനുഭവിക്കുന്ന കൃഷിക്കാർക്ക് എന്തെല്ലാം സഹായങ്ങളാണ് ഇപ്പോൾ നൽകിവരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) റബ്ബർ വിലയിടിവ് മൂലം കഷ്ടത അനുഭവിക്കുന്ന കൃഷിക്കാർക്ക് സഹായകരമായിട്ടാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി ഇപ്പോൾ നടപ്പിലാക്കി-ക്കൊണ്ടിരിക്കുന്നത്. 5 ഹെക്ടറിനു താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനുള്ള റബ്ബർ കൃഷിക്കാണ് ആനുകൂല്യം നൽകുന്നത്. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനുള്ള ആനുകൂല്യം നൽകുന്നതാണ്.<br>നാളികേരത്തിന് ന്യായമായ വില ഉറപ്പ് വരുത്തുന്നതിനായി കൃഷി ഭവനുകൾ മുഖേന കേരഫെഡിന്റെ സഹകരണ-ത്തോടെ പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br>നെല്ലിന് ന്യായവില ഉറപ്പ് വരുത്തുന്നതിന് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന എല്ലാ ജില്ലകളിലേയും കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് വരുന്നു. |
| (ബി) റബ്ബർ ഉൾപ്പെടെ കാർഷിക മേഖലയ്ക്ക് പ്രത്യേക പാക്കേജുകൾ അടിയന്തരമായി നടപ്പാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) റബ്ബർ ഉൾപ്പെടെ കാർഷിക മേഖലയ്ക്ക് പ്രത്യേക പാക്കേജുകൾ ഒന്നും തന്നെ കൃഷി വകുപ്പിന്റെ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (സി) | റബ്ബർ കർഷകർക്ക് കേന്ദ്ര സർക്കാരിൽ നിന്നും പരമാവധി സഹായം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | വിലത്തകർച്ചയിൽ നിന്ന് റബ്ബർ മേഖലയെ സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതിക്കുള്ള സഹായമായി കേന്ദ്ര വിലസ്ഥിരതാ ഫണ്ടിൽ നിന്നും 500 കോടി രൂപ നല്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ